(3) ഡി.വൈ.എഫ്.ഐ. യുടെ നേതൃത്വത്തിലുള്ള കളക്ടറേറ്റ് മാർച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, തൊഴിലില്ലായ്മയ്ക്കും വിദ്യാഭ്യാസ നിഷേധത്തിനും മാഫിയവൽക്കരണത്തിനുമെതിരെ ഇന്ന് ഡി.വൈ.എഫ്.ഐ.-യുടെ നേതൃത്വത്തിൽ യുവജനലക്ഷങ്ങൾ കളക്ടറേറ്റുകൾക്ക് മുൻപിൽ സമരം നടത്തുകയാണ്. 5 വർഷംകൊണ്ട് 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നായിരുന്നു യു.ഡി.എഫ്.-ന്റെ വാഗ്ദാനം. നാല് വർഷം പൂർത്തിയാവുകയാണ്. വാഗ്ദാനമനുസരിച്ച് 12 ലക്ഷം പേർക്ക് ഇതിനകം തൊഴിൽ നൽകേണ്ടതാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല എന്നു മാത്രമല്ല നിലവിലുള്ള തൊഴിൽപോലും കേരളത്തിൽ നഷ്ടപ്പെടുകയാണ്. ചെറുകിട വ്യവസായമേഖലയുടെ തകർച്ചമൂലം ഒരുലക്ഷം പേർക്ക് തൊഴിലും വരുമാനവും ഇതിനകം നഷ്ടപ്പെടുകയുണ്ടായി. പരമ്പരാഗത പൊതുമേഖലകളിൽ ഇതിനകം തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം ഒരു ലക്ഷത്തിലേറെയാണ്. 11,658 തസ്തികകൾ സർക്കാർ സർവ്വീസിൽ വെട്ടിക്കുറച്ചു കഴിഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന ഘട്ടത്തിൽ സർക്കാർ ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന ജീവനക്കാരുടെ എണ്ണം അഞ്ചരലക്ഷമായിരുന്നു. ഇപ്പോൾ സർക്കാർ തന്നെ കഴിഞ്ഞയാഴ്ച്ച നൽകിയ മറുപടിയിൽ വ്യക്തമാക്കിയത് 4,83,000 എന്നാണ്. അതനുസരിച്ചാണെങ്കിൽ 67,000 പേർക്ക് സിവിൽ സർവ്വീസിൽ തൊഴിൽ നഷ്ടമായിരിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി 2003-04-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 127 കോടി രൂപ വിനിയോഗിച്ചിട്ടില്ല. എംപ്ലോയ്മെന്റ് റീജനറേഷൻ എന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. 200405-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50,000 പേർക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയും ഇതുവരെ നടപ്പാക്കിയിട്ടില്ല. 5,000 പാട്ടകൃഷി സംഘങ്ങൾ രൂപീകരിച്ച് 50,000 പേർക്ക് ഗ്രാമീണ യുവജനങ്ങൾ എന്ന നിലയിൽ തൊഴിൽദാന പദ്ധതി നൽകുമെന്ന സർക്കാർ വാഗ്ദാനം നിർവ്വഹിച്ചിട്ടില്ല. അതെല്ലാം കടലാസിൽ ഒതുങ്ങുകയാണ് ചെയ്തിട്ടുള്ളത്. "ജിം"-ലൂടെ കേവലം 857 പേർക്ക് മാത്രമാണ് ജോലി ലഭിച്ചത്. നിയമന നിരോധനം പിൻവലിച്ചെങ്കിലും മിക്ക വകുപ്പുകളും ഒഴിവുകൾ പി.എസ്.സി-യെ അറിയിക്കുന്നില്ല. അറിയിച്ച ഒഴിവുകളിലാണെങ്കിൽ നിയമനം നടക്കുന്നുമില്ല. ഇത്തരത്തിൽ ഉദ്യോഗാർത്ഥികൾ വലിയ പ്രശ്നത്തെയാണ് കേരളത്തിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. സിവിൽ സർവ്വീസിലും പരമ്പരാഗത മേഖലയിലും കാർഷിക രംഗത്തും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്ന സർക്കാർ നയം തിരുത്തുകതന്നെ വേണം. അല്ലെങ്കിൽ കേരളം അത്യഗാധമായ പ്രശ്നത്തിലേക്കാണ് അകപ്പെടാൻ പോകുന്നത്. വിദ്യാഭ്യാസ മേഖലയിലും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. മെറിറ്റ് സീറ്റിൽ പല മാനേജ്മെന്റും പേയ്മെന്റ് ഫീസ് ആവശ്യപ്പെടുകയാണ്. പാവപ്പെട്ടവർ ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിൽ നിന്നും സ്കൂളുകളിൽ നിന്നും പുറത്തുപോവുകയാണ് ചെയ്യുന്നത്. സാമൂഹ്യജീവിതത്തെ ആകെ നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ ഗുണ്ടാസംഘങ്ങളും മാഫിയകളും ഇപ്പോൾ ശക്തിപ്പെട്ടിരിക്കുകയാണ്. കരിമണൽ മാഫിയ, കുഴൽപ്പണ മാഫിയ, ബ്ലെയ്ഡ് മാഫിയ, വനം മാഫിയ, ചന്ദന മാഫിയ, വിദ്യാഭ്യാസ മാഫിയ, സെക്സ് മാഫിയ, മദ്യ മാഫിയ, മരുന്ന് മാഫിയ, ലോട്ടറി മാഫിയ എന്നിവ രാഷ്ട്രീയ നേതൃത്വത്തിലും ഭരണ നേതൃത്വത്തിലും പിടിമുറുക്കുകയാണ്. പോലീസ് സേനയിലെ ഒരു വിഭാഗം ഇവർക്ക് കൂട്ടുനിൽക്കുകയാണ്. കണ്ണൂർ ഡിവൈ.എസ്.പി. യെ എനിക്ക് നേരിട്ടറിയാം. അങ്ങേയ്ക്ക് ഞാൻ പരാതി തന്നിട്ടുണ്ട്. ഈ ബ്ലെയ്ഡുകാരെ സഹായിക്കുകയാണ്. അതുകൊണ്ട് ഇത് തടയാൻ പോലീസ് സേനയിൽ പ്രത്യേക സെൽ എല്ലാ ജില്ലകളിലും രൂപീകരിക്കണം. സമരം നടത്തുന്ന യുവജനസംഘടനകളുമായി ചർച്ച ചെയ്തുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

10.00 A.M.] മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*) : സർ, ഇപ്പോൾ നിയമന നിരോധനം നിലവിലില്ല. എല്ലാ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്നു കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥൻ അത് പാലിച്ചിട്ടില്ല എന്നു ചൂണ്ടിക്കാണിച്ചാൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കാം. 100 ദിവസത്തെ പരിപാടിക്ക് അകത്ത് ഉൾപ്പെടുത്തി മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ 18,000 ൽപരം ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്. അതിന്റെ നിയമനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇനിയും സാങ്ഷൻഡ് പോസ്റ്റുകളിൽ ഒഴിവുകൾ ഉണ്ടായിട്ടും റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടിയെടുക്കാനാണ് ഗവൺമെന്റിന്റെ തീരുമാനം. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് പറയാനുള്ളത് അങ്ങനെ ഏതെങ്കിലും ബോധപൂർവ്വം നികത്താതിരിക്കുന്നുയെങ്കിൽ അത് ചൂണ്ടിക്കാണിക്കണം. പക്ഷേ പല പി.എസ്.സി. റാങ്ക് ഹോൾഡേഴ്സും തരുന്ന ലിസ്റ്റുവച്ചു നോക്കുമ്പോൾ അവർ പുതിയ പോസ്റ്റ് സാങ്ഷൻ ചെയ്യുന്നതുമായിട്ട് ബന്ധപ്പെടുത്തിയുള്ള കാര്യങ്ങളാണ് പലരും പറഞ്ഞിട്ടുള്ളത്. നിലവിലുള്ള ഒഴിവുകൾ ചൂണ്ടിക്കാണിച്ചാൽ തീർച്ചയായിട്ടും നടപടിയെടുക്കാം. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും രൂക്ഷമായിട്ടുള്ളതാണ്. തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള ശ്രമമാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ഉദ്യോഗം കൊണ്ട് നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കാമെന്ന ധാരണ നമുക്ക് ആർക്കും ഉണ്ടായിട്ട് കാര്യമില്ല. കാരണം അത് സാധ്യമല്ല. ഗവൺമെന്റിന്റെ ചുമതല ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കുകയെന്നതാണ്. അതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഇന്ന് ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത് മുഴുവൻ വ്യവസായങ്ങളും നേരിട്ട് നടത്താനല്ല. അതല്ലെങ്കിൽ ഗവൺമെന്റ് നേരിട്ട് ഇറങ്ങി തൊഴിൽ അവസരങ്ങൾ കൊടുക്കുക എന്നുള്ളതല്ല, മറിച്ച് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണ്. അതിന് മറ്റേത് കാലഘട്ടത്തിലുള്ളതിനെക്കാളും അനുകൂലമായ സാഹചര്യം ഇന്നു കേരളത്തിൽ വന്നിട്ടുണ്ട്. ആ സാഹചര്യങ്ങൾ പരമാവധി നമ്മൾ പ്രയോജനപ്പെടുത്തണം. കേന്ദ്ര ഗവൺമെന്റിൽ നിന്നുതന്നെ പതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. അതിന്റെ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ മറ്റ് പല പദ്ധതികളും ഗ്ലോബൽ ഇൻവെസ്റ്റുമെന്റ് മീറ്റിനെത്തുടർന്നു കേരളത്തിൽ പുതിയ നിക്ഷേപ അനുകൂല സാഹചര്യങ്ങളുണ്ടായി. അതു പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ കൂടുതലായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ മറ്റ് പല മാഫിയകളെക്കുറിച്ച് പറഞ്ഞു. ഏത് ഭാഗത്തു നിന്ന് നിയമലംഘനമുണ്ടായാലും അതിനെതിരെ കർശനമായ നടപടികൾ എടുക്കുന്നതിനു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽനിന്നു വ്യത്യസ്തമായ നിലയിൽ ആരെങ്കിലും പ്രവർത്തിച്ചുയെന്നറിഞ്ഞാൽ അവരുടെ പേരിൽ നടപടി എടുക്കും. അതിനകത്ത് യാതൊരു ദയാദാക്ഷിണ്യവും കാണിക്കുകയില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ കൊട്ടാരക്കരയിലെ ഒരു സംഭവം ചൂണ്ടിക്കാണിച്ചു. ആ ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തു. കാരണം ഇതുപോലുള്ള ഒരു ഗുണ്ടാ സംഘത്തിന്റെ പ്രവർത്തനത്തിനെതിരെ എടുത്ത നടപടി വേണ്ടത്ര ശക്തമായില്ല എന്നുള്ളത് ബോധ്യപ്പെട്ട ഉടനെതന്നെ ആ ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തു. അതുകൊണ്ട് ഒരു ദയാദാക്ഷിണ്യവും അക്കാര്യത്തിൽ കാണിക്കുകയില്ല. അങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഈ തൊഴിലില്ലായ്മ പ്രശ്നത്തിൽ കുറെ ആളുകളെ നിയമിക്കുന്നതിനുവേണ്ടിയിട്ടുള്ള കാര്യത്തിൽ പി.എസ്.സി.-ക്ക് എന്തെങ്കിലും ഇവിടെ നിന്നു അറിയിക്കാനുണ്ടെങ്കിൽ അറിയിച്ചാൽ ഉടനെതന്നെ നടപടിയെടുക്കുന്നതാണെന്നു പറഞ്ഞു. എന്നിട്ട് മുഖ്യമന്ത്രി അതേക്കുറിച്ച് വിവരിച്ചത് സർക്കാർ ഉദ്യോഗം കൊണ്ടുമാത്രം തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയില്ലയെന്നും. അതു ശരിതന്നെയാണ്. പക്ഷേ അതിനുള്ള പശ്ചാത്തലം ഒരുക്കുക എന്നതിന്റെ പേരിൽ പറഞ്ഞത് നമ്മുടെ വ്യവസായങ്ങളുടെ വരവിനെ സംബന്ധിച്ചാണ്. വ്യവസായങ്ങൾ വരുമെന്നു പറയുന്നതല്ലാതെ ഒന്നും വന്നിട്ടില്ല. അതേ സമയം തന്നെ നമ്മുടെ സംസ്ഥാനത്തു തന്നെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിനു തന്നെ നടത്താവുന്നതാണ്. 40 ലക്ഷത്തോളം തൊഴിൽ രഹിതരാണ് ആ മേഖലയിൽ ക്ലേശം

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കുന്നത്. അതുപോലെ തന്നെ കാർഷിക മേഖല, അങ്ങ് പശ്ചാത്തലമൊരുക്കിയിട്ട് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നു എന്നു പറയുന്നുവെങ്കിലും ഫലത്തിൽ അവിടെയെല്ലാംതന്നെ സ്തംഭനാവസ്ഥ തുടരുകയാണ്. ആ മേഖലയിലും തൊഴിലില്ലായ്മ വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളതുമാണല്ലോ ഇന്നു അനുഭവം കാണിക്കുന്നത്. അതിന് എന്ത് പരിഹാരമാണ് ഗവൺമെന്റ് ചെയ്യാൻ പോകുന്നത് എന്നുകൂടി വിശദീകരിച്ചാൽ നന്നായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നേരത്തെതന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടാണ് പറയാതിരുന്നത്. കാർഷിക മേഖലയിൽ പരമ്പരാഗത വ്യവസായ മേഖലയിൽ ഇതു രണ്ടുമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കി കൊടുക്കുന്നതും. ഈ രണ്ടു മേഖലകളും വ്യത്യസ്ത കാരണങ്ങൾ കൊണ്ട് ഇന്നു കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അവിടെ ഗവൺമെന്റിനു ചെയ്യാവുന്ന എല്ലാ നടപടികളും കാർഷിക-പരമ്പരാഗത-വ്യാവസായിക മേഖലകളിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ രണ്ടു മേഖലകൾ തളർന്നാൽ കേരളം തളരും, സംശയമൊന്നുമില്ല. ഈ രണ്ടു മേഖലകളിലും ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടാണ് പുതിയ നിക്ഷേപ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുത്തത്. അങ്ങ് പറഞ്ഞതുപോലെ ഇവിടെ പുതിയ സൗകര്യങ്ങൾ വരുന്നില്ല എന്നു പറയുന്നത് ശരിയല്ല. 49,000 കോടി രൂപയുടെ .ഇൻവെസ്റ്റുമെന്റിനുള്ള പ്രപ്പോസലുകളാണ് വിവിധ സ്റ്റേജുകളിൽ നിൽക്കുന്നത്. ഈ ഒരു വർഷം 30,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെൻറ് കേരളത്തിൽ വരുമെന്നു തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിൽ 10 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞു. ബാക്കി വിവിധ പ്രോജക്ടുകൾ നടപ്പിൽ വരുന്നതിനു വിവിധ സ്റ്റേജുകളിലാണ് അതിരിക്കുന്നത്. അത് ഈ വർഷം തന്നെ വരും. അത് വളരെ പ്രതീക്ഷയോടുകൂടിയാണ് നമ്മൾ ഉറ്റുനോക്കുന്നത്. അതിന് എല്ലാപേരുടെയും സഹകരണം വേണം. അതിന് ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം നമുക്ക് ഉണ്ടാക്കേണ്ടതുണ്ട്. അതിന് എല്ലാവരും സഹകരിച്ചാൽ കേരളത്തിന് കഴിഞ്ഞ കാലങ്ങളിൽ നഷ്ടപ്പെട്ട ആ നഷ്ടങ്ങൾ നികത്തിയെടുത്തുകൊണ്ട് മുന്നോട്ട് പോകാൻ കഴിയും.

(4) കോഴിക്കോട് നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. എ. സുജനപാൽ : സർ, കോഴിക്കോട് നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നത്തിന് പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly